പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2983 — 18.06.2018-ൽ മറുപടിക്ക്

## ഓഖി സഹായധനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | ഓഖി ദുരന്തത്തെ തുടർന്ന് ദുരന്ത നിവാരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ചു. മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് ആശ്വാസ ധനസഹായമായി പ്രഖ്യാപിച്ച 20 ലക്ഷം രൂപയുടെ സഹായം 21/02/2017-ലെ സ.ഉ(സാധാ) നം.114/2017/ഡി.എം.ഡി ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള മാനദണ്ഡം പ്രകാരം ഓഖി ചുഴലിക്കാറ്റിൽ കാണാതായ 91 പേരുടെ ആശ്രിതർക്കും അനുവദിച്ചിട്ടുണ്ട്.<br><br>സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഫിഷറീസ് വകുപ്പിന് അനുവദിച്ച തുക ഉപയോഗിച്ച് 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2000/- രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വകുപ്പ് വഴി നൽകിയിട്ടുണ്ട്.<br><br>പരിക്ക് പറ്റി സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയ 179 മത്സ്യത്തൊഴിലാളികൾക്ക് ചികിത്സാ ധനസഹായമായി ആകെ 8,68,000/- രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിയിട്ടുണ്ട്.<br><br>ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 74 മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3000/- രൂപ വീതം വീട് വാടകയിനത്തിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ജില്ലാ കളക്ടർ മുഖേനയാണ് തുക വിതരണം ചെയ്യുന്നത്.<br><br>ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട 64 മത്സ്യത്തൊഴിലാളികൾക്ക് 3.08 കോടി രൂപ ആദ്യഘട്ടമായി നൽകിയിട്ടുണ്ട്. രണ്ടാംഘട്ടം നടപ്പാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട 24 പേർക്ക് 87.59 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെട്ട 86 പേർക്ക് 78.07 ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു കൂടാതെ മത്സ്യബന്ധനോപകരണങ്ങൾ പൂർണ്ണമായും നഷ്ടപ്പെട്ട 8 മത്സ്യത്തൊഴിലാളികൾക്കും ഭാഗികമായി നഷ്ടപ്പെട്ട 81 മത്സ്യത്തൊഴിലാളികൾക്കും നഷ്ടപരിഹാരം നൽകുന്നതിനായി 178.55 ലക്ഷം രൂപയുടെ പ്രൊപ്പോസലും ഓഖി ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച 120 FRP ബോട്ടുകൾ replace ചെയ്ത് നൽകുന്നതിനായി 988.80 ലക്ഷം രൂപയുടെ പ്രൊപ്പോസലും പരിശോധിച്ചുവരുന്നു<br><br>മത്സ്യത്തൊഴിലാളികളുടെ സുരക്ഷക്കായുള്ള Inflatable life jacket പരീക്ഷണാടിസ്ഥാനത്തിൽ 100 മത്സ്യത്തൊഴിലാളികൾക്ക് നൽകുവാനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>മത്സ്യഗ്രാമം തിരിച്ച് വിവരശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഓഖി ചുഴലിക്കാറ്റിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കളായി 309 പേരുണ്ട്. ഇതിൽ 185 പേർക്ക് First level Graduation വരെ വിദ്യാഭ്യാസ ധനസഹായവും Graduation പൂർത്തിയാക്കിയ 124 പേർക്ക് തൊഴിൽ പരിശീലനവും നൽകുവാനുള്ള 1392.82 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു |

(signature)

സെക്ഷൻ ഓഫീസർ